റ കൊണ്ട് തുടങ്ങുന്ന പദങ്ങളെ പരിചയപ്പെടുക. പുരുഷൻ എന്ന കേൾക്കാത്തവരുണ്ടാകില്ല. **റജുൽ** എന്നാണ് അറബിയിൽ പുരുഷന് പറയുക. ഹേ, ചങ്ങാതി, എടോ എന്ന അർഥത്തിൽ യാ റജ്ജാൽ എന്ന് അറബികൾ സംസാരഭാഷയിൽ പറയാറുണ്ട്. ഏതായാലും റജുൽ എന്നാൽ പുരുഷൻ എന്ന് പഠിക്കുക. എന്നിട്ട് എഴുതുക.



| | | | | |
|---|---|---|---|---|
| رَجُل | റജുൽ رَجُل | لْ | جُ | رَ |
| എഴുതുന്ന രൂപം | പുരുഷൻ | ൽ | ജു | റ |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലിക്കുക.

---

അറബിയിൽ റഅ്സ് എന്നാൽ തല എന്നാണർഥം. റഊസ് എന്നാൽ നേതാവ്. നമുക്ക് പഠിക്കാനുള്ളത് റഅ്സ് എന്നാണ്. **റഅ്സ്** എന്നാൽ തല. ഇത് ഹൃദിസ്തമാക്കിയ ശേഷം എഴുതുക.



| | | | | |
|---|---|---|---|---|
| رَأْسْ | റഅ്സ് رَأْسْ | سْ | أْ | رَ |
| എഴുതുന്ന രൂപം | തല | സ് | അ് | റ |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

പൂവിന്റെ അറബി നോക്കാം. അറബിയിൽ അതിന് **സഹ്ർ** എന്നാണ് പറയുക. സഹ്ർ എന്നാൽ പൂവ് എന്ന് മനസ്സിലാക്കിയ ശേഷം അത് എഴുതുക. ഈ വാക്കുകളൊന്നും മറക്കരുത്.



| | | | | |
|---|---|---|---|---|
| زَهْرْ | സഹ്ർ زَهْرْ | رْ | هْ | زَ |
| എഴുതുന്ന രൂപം | പൂവ് | ർ | ഹ് | സ |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.
**നിയമം:** സ എന്ന അക്ഷരം മലയാളത്തിൽ സ ഉച്ചരിക്കുന്നതുപോലെയല്ല ഉച്ചരിക്കേണ്ടത്. ഇംഗ്ലീഷിൽ Z ഉച്ചരിക്കുന്നതുപോലെയാണ് ഈ അക്ഷരം പറയേണ്ടത്.

---

സന്ദർശിച്ചു എന്ന പദത്തിന് **സാറ** എന്നാണ് അറബിയിൽ പറയുക. അത് എഴുതുന്ന രീതി നോക്കുക. ഇത് മലയാളത്തിൽ സ്ത്രീകൾക്ക് പറയുന്ന പേരുപോലെയല്ല ഉച്ചരിക്കേണ്ടത്, നേരത്തെ പറഞ്ഞതുപോലെ ഇംഗ്ലീഷിൽ Z ഉച്ചരിക്കുന്നതുപോലെയാണ് ഉച്ചരിക്കേണ്ടത്. ഇതിന് തതുല്യമായ അക്ഷരം മലയാളത്തിലില്ല.

| | | | | |
|---|---|---|---|---|
| زَارَ | സാറ زَارَ | رَ | ا | زَ |
| എഴുതുന്ന രൂപം | സന്ദർശിച്ചു | റ | ാ | സ |

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി:

| | | |
|---|---|---|
| **റജുൽ** | رَجُل | رَ جُ ل |

| | | |
|---|---|---|
| റഅ്സ് | رَاْسْ | رَاْسْ |
| സഹ്ർ | زَهْـر | زَهْـرْ |
| സാറ | زَارَ | زَ ا رَ |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:



**പരിശീലനം:**

താഴെ പറയുന്ന മലയാള വാക്കുകൾ അറബിയിൽ എഴുതുക:

ജഹറ
ഹറജ
സഹ്ൽ (Zന്റെ ഉച്ചാരണത്തോടു കൂടി)
ജഹ്ൽ